# മധുരമായ കുട്ടികളെ – ആര് എത്ര തന്നെ ഗുണവാനാകട്ടെ, മധുരതയുള്ളവരാകട്ടെ, ധനവാനാകട്ടെ, നിങ്ങൾ അവരിലേക്ക് ആകർഷിതരാകാൻ പാടില്ല, ശരീരത്തെ ഓർമ്മിക്കാൻ പാടില്ല

**ചോദ്യം:–** ഏത് കുട്ടികൾക്കാണോ ജ്ഞാനം ലഭിച്ചത് അവരുടെ വായിൽ നിന്ന് ബാബയെ പ്രതി ഏതു മധുര വാക്കുകൾ പുറപ്പെടുന്നു?
**ഉത്തരം:–** ആഹാ! ബാബാ അങ്ങ് ഞങ്ങൾക്ക് ജീവദാനം നൽകി. മധുരമായ ബാബാ അങ്ങ് ഞങ്ങൾക്ക് സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം നൽകി, സർവ്വ ദുഃഖങ്ങളിൽ നിന്നും മോചിപ്പിച്ചു. അതിനാൽ എത്ര നന്ദി ഉണ്ടായിരിക്കണം.

**ചോദ്യം:–** അന്തിമ സമയത്ത് ബാബയിലല്ലാതെ ഒന്നിലും സ്പർശിക്കരുത് അതിന് വേണ്ടി എന്ത് ചെയ്യണം?
**ഉത്തരം:–** ബാബ പറയുന്നു കുട്ടികളേ – ഒരു വസ്തുവും ലോഭത്തിന് വശപ്പെട്ട് തന്റെ പക്കൽ *എക്സ്ട്രാ* വെയ്ക്കരുത്. *എക്സ്ട്രാ* വെയ്ക്കുകയാണെങ്കിൽ അതിലേക്ക് മമത്വം പോകും. ബാബയുടെ ഓർമ്മ മറന്ന് പോകും.

**ഗീതം:–** ക്ഷമയോടെ ഇരിക്കൂ മനുഷ്യാ........

**ഓം ശാന്തി**. കുട്ടികൾക്ക് ധൈര്യം തന്നുകൊണ്ടിരിക്കുന്നത് ആരാണ്? കുട്ടികളുടെ ബുദ്ധി പെട്ടെന്ന് തന്നെ ബാബയുടെ അടുത്തേക്ക് പോകുന്നു. അതും കേവലം ഈ സമയത്ത് മാത്രമാണ് കുട്ടികളുടെ ബുദ്ധി ബാബയിലേക്ക് പോകുന്നത്. പരിധിയില്ലാത്ത പിതാവിലേക്ക് ധാരാളം പേരുടെ ബുദ്ധി പോകുന്നുണ്ട്. എന്നാൽ അവർക്കിത് സംഗമയുഗമാണെന്ന കാര്യം തന്നെ അറിയില്ല. ബാബ വന്നിരിക്കുന്നു, ഇത് എല്ലാവർക്കും ഒരേസമയം അറിയാൻ കഴിയില്ല. കുട്ടികൾ ബാബയുടേതാകണം അപ്പോൾ അറിയാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയെ അറിഞ്ഞിരിക്കുന്നു. ബാബ വന്നിരിക്കുകയാണെന്ന് അറിയാം. പരിധിയില്ലാത്ത സമ്പത്ത് നൽകിക്കൊണ്ടിരിക്കുന്നു, ഇത് അയ്യായിരം വർഷങ്ങൾക്ക് മുൻപും നിങ്ങൾക്ക് നൽകിയിട്ടുണ്ടായിരുന്നു. ബാബ വരുന്നത് തന്നെ കുട്ടികൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകുന്നതിന് വേണ്ടിയാണ്. പരിധിയില്ലാത്ത പിതാവായിരിക്കുന്നതിനോടൊപ്പം ബാബ പഠിപ്പിക്കുകയും ചെയ്യുന്നു. ഭഗവാൻ അഥവാ പിതാവ്, ഭഗവാനുവാചാ അർത്ഥം പഠിപ്പിക്കുന്നു. എന്താണ് പഠിപ്പിക്കുന്നത്? അതും നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. നമ്മൾ ബാബയുടെ സന്മുഖത്താണ് ഇരിക്കുന്നത്. ബാബ ശാസ്ത്രമൊന്നും തന്നെ പഠിച്ചിട്ടില്ല. ഈ ബ്രഹ്മാവ് പഠിച്ചിട്ടുണ്ട്. ബാബയെ പറയുന്നത് തന്നെ ജ്ഞാനത്തിന്റെ സാഗരൻ, സർവ്വശക്തിവാൻ എന്നാണ്. സ്വയം പറയുന്നു എനിക്ക് വേദങ്ങൾ ശാസ്ത്രങ്ങൾ തുടങ്ങി എല്ലാം നന്നായി അറിയാം – ഇതെല്ലാം ഭക്തി മാർഗ്ഗത്തിന്റെ സാമഗ്രികളാണ്. ഇത് ഞാൻ രചിച്ചതല്ല. ചോദിക്കാറുണ്ട് ഈ ശാസ്ത്രങ്ങൾ എപ്പോൾ മുതലാണ് പഠിക്കാൻ തുടങ്ങിയത്? അപ്പോൾ പറയുന്നു ഇത് പരമ്പരകളായി നടന്ന് വരുന്നതാണ്. ബാബ പറയുന്നു എന്നെ പഠിപ്പിക്കാൻ ആരും തന്നെയില്ല. എനിക്ക് പിതാവുമില്ല മറ്റെല്ലാവരും തന്നെ ഗർഭത്തിലേക്ക് പ്രവേശിക്കുന്നു, മാതാവിന്റെ പാലന നേടുന്നു. ഞാൻ ഗർഭത്തിലേക്കേ വരുന്നില്ല മാതാവിന്റെ പാലനയെടുക്കാൻ. മനുഷ്യാത്മാവ് ഗർഭത്തിലേക്ക് വരുന്നുണ്ട്. സത്യയുഗത്തിലെ ലക്ഷ്മിയും–നാരായണനും ഗർഭത്തിലൂടെയാണ് ജന്മമെടുത്തത്. അതുകൊണ്ട് അവരും മനുഷ്യരാണ്. ഞാൻ ഈ ശരീരത്തിലേക്ക് വന്ന് പ്രവേശിക്കുകയാണ്, *ഡ്രാമാ പ്ലാൻ* അനുസരിച്ച് കൽപം മുൻപത്തേത് പോലെ. ഈ ശബ്ദവും മറ്റാർക്കും തന്നെ അറിയില്ല. കൽപത്തിന്റെ ആയുസ്സിനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. ബാബ തന്നെയാണ് ഇരുന്ന് മനസ്സിലാക്കി തരുന്നത് ഞാൻ നിങ്ങളുടെ അച്ഛനുമാണ്, അദ്ധ്യാപകനുമാണ്, സത്ഗുരുവുമാണ്. ഈ ബാബ സമ്പത്ത് നൽകുന്നവനാണെന്ന് നിങ്ങൾക്കറിയാം. ബാബ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി നൽകാൻ വന്നിരിക്കുന്നു. നരകത്തിന്റെ രാജ്യഭാഗ്യം നൽകുകയില്ല! പരിധിയില്ലാത്ത ബാബ നമ്മളെ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ് ഇത് ബുദ്ധിയിലുണ്ടായിരിക്കണം. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന നടത്തുന്നവനാണ്. പറയുന്നു എന്റെ നിർദ്ദേശത്തിലൂടെ നടക്കൂ, ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കും. പിന്നീട് ദ്വാപരം മുതൽ നിങ്ങൾ രാവണന്റെ മതത്തിലൂടെ നടക്കുന്നു. സത്യയുഗത്തിൽ ഒരു മനുഷ്യന്റെയും നിർദ്ദേശമോ മാർഗ്ഗമോ സദ്ഗതിക്ക് വേണ്ടി ലഭിക്കുന്നില്ല. ആവശ്യവുമില്ല. കലിയുഗത്തിൽ എല്ലാവരും ഗതി സദ്ഗതിക്ക് വേണ്ടി വഴി ചോദിക്കുന്നു. നമ്മൾ ഏതോ സമയം സ്വർഗ്ഗത്തിലായിരുന്നു, പാവനമായിരുന്നു, എന്നറിയുന്നുണ്ട്, അതുകൊണ്ടാണ് വിളിക്കുന്നത് – അല്ലയോ പതിത–പാവനാ, അല്ലയോ

സദ്ഗതിദാതാ ഞങ്ങൾക്ക് സദ്ഗതി നൽകൂ. സത്യയുഗത്തിൽ ഈ നിലവിളി നടത്തില്ല. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ വന്നിരിക്കുകയാണ്. വളരെ സരളതയോടെ രാജയോഗത്തിന്റെയും സഹജ ജ്ഞാനത്തിന്റെയും നിർദ്ദേശം നൽകുന്നു. ബാബയുടെതാണ് ശ്രീമതം. ഉയർന്നതിലും ഉയർന്നതാണ് ഭഗവാൻ. ബാബയെക്കാളും ഉയർന്നതായി മറ്റാരും തന്നെയില്ല, ബാബ നമ്മുടെ ആത്മീയ പിതാവാണ്. ആത്മീയ പിതാവായതുകാരണം ബാബ ആത്മാക്കൾക്ക് മാത്രമാണ് ജ്ഞാനം നൽകുന്നത്, ഭൗതീക പിതാവിന്റെ പക്കൽ നിന്ന് ഭൗതീക ജ്ഞാനമാണ് എടുക്കുന്നത്, അതുകൊണ്ട് ബാബ പറയുന്നു – ആത്മാ ഭിമാനിയാകൂ ബാബയെ ഓർമ്മിക്കൂ. ഭൗതീകമായ ഓർമ്മ ഒന്നും തന്നെ നടത്തരുത്. ഒരു പരംപിതാ പരമാത്മാവിനെ മാത്രം ഓർമ്മിക്കണം. ആരെങ്കിലും ധനവാന്റെ കുട്ടിയാണെങ്കിൽ പിതാവിനെ തന്നെ ഓർമ്മിക്കും, ഗാന്ധിയെയോ ശാസ്ത്രിയേയോ ഓർമ്മിക്കില്ല. ഏറ്റവും കൂടുതൽ ഓർമ്മിക്കുന്നത് പരംപിതാ പരമാത്മാവിനെയാണ് പിന്നീട് ചിലർ ലക്ഷ്മീ–നാരായണനെയും ചിലർ രാധയെയും–കൃഷ്ണനെയും ഓർമ്മിക്കുന്നു. ഇവർ കടന്ന് പോയവരാണെന്ന് മനസ്സിലാക്കുന്നു. അവരുടെ ചരിത്രവും–ഭൂമിശാസ്ത്രവുമുണ്ട്. ഉയർന്നതിലും ഉയർന്നത് ബാബയാണ്, ആ ബാബ വീണ്ടും വരും, തീർച്ചയായും ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും. കലിയുഗത്തിന് ശേഷം സത്യയുഗം വരും. എന്നാൽ ഇത് കുട്ടികൾക്കല്ലാതെ മറ്റാർക്കും തന്നെ അറിയില്ല. കേവലം പറയാൻ വേണ്ടി മാത്രം പറയുന്നു – ചരിത്രം ആവർത്തിക്കുന്നു. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. മുൻപ് നിങ്ങളും ഇങ്ങനെ തന്നെയായിരുന്നു. തീർത്തും ലക്ഷ്മീ–നാരായണന്റെ രാജ്യമുണ്ടായിരുന്നു എന്ന് കരുതിയിരുന്നു, എന്നാൽ എത്ര സമയമാണ് നടന്നത്, എന്താണ് സംഭവിച്ചത് പിന്നീട് അവർ എങ്ങോട്ടാണ് പോയത്, ഒന്നും തന്നെ അറിയില്ലായിരുന്നു. ഇപ്പോഴും യഥാക്രമം നന്നായി ധാരണ ചെയ്ത് ശ്രീമതത്തിലൂടെ നടക്കുന്നു – ഇതും ശരിയാണ്. മനസ്സാ–വാചാ–കർമ്മണാ സഹായം നൽകുന്നു. ജ്ഞാന യോഗത്തിന്റെ സഹായത്തിലൂടെ ധാരാളം പേരുടെ മംഗളം ചെയ്യും.

നിങ്ങൾ ശക്തി സൈന്യം *ഡബിൾ* അഹിംസകരാണ്. നിങ്ങളിൽ യാതൊരു അഹിംസയുമില്ല. നിങ്ങൾ ആർക്കും ദുഃഖം നൽകുന്നില്ല. ഹിംസയെന്നാൽ അർത്ഥം ദുഃഖം നൽകുക. ഇടിക്കുക, വാൾ കൊണ്ട് വെട്ടുക അല്ലെങ്കിൽ കാമ വികാരം പ്രയോഗിക്കുക – ഇതെല്ലാം ദുഃഖം നൽകലാണ്. നിങ്ങൾ യാതൊരു പ്രകാരത്തിലുള്ള ദുഃഖവും നൽകുന്നില്ല അതുകൊണ്ടാണ് അഹിംസ പരമോ ധർമ്മമെന്ന് പറയുന്നത്. മനുഷ്യർ എല്ലാവരും തന്നെ ഹിംസ ചെയ്യുന്നു. തീർത്തും രാവണ രാജ്യമാണ്. മനുഷ്യർ കൃഷ്ണന്റെ ചിത്രങ്ങളിൽ പോലും ഹിംസ കാണിച്ചിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ശ്രീകൃഷ്ണൻ രാജകുമാരനായിരുന്നു, അങ്ങനെയുള്ള കൃഷ്ണന്റെ ഇങ്ങനെയുള്ള ചിത്രത്തിന്റെയോ ജീവിത കഥയുടേയോ കാര്യമില്ല. മഹത്വമുള്ളതും ഈശ്വരന് മാത്രമാണ്. ആ ഈശ്വരൻ തന്നെയാണ് രത്നാകരനും, വ്യാപാരിയും, ജ്ഞാനത്തിന്റെ സാഗരനും, ജാലവിദ്യക്കാരനും. എന്തുകൊണ്ടാണ് എല്ലാവരും ആ ഈശ്വരനെ അല്ലയോ പതിത–പാവനാ, സർവ്വരുടെയും സദ്ഗതിദാതാ, ദുഃഖഹർത്താ സുഖകർത്താ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്? മഹിമകളും ഒരാളുടേത് മാത്രമാണ്. ഈ മഹിമ ഒരു സൂക്ഷ്മ വതനവാസിയുടേതോ, സ്ഥൂലവതന വാസിയുടേതോ ആകുകയില്ല. ഈ മഹിമ മൂലവതനവാസിയുടേതാണ്. ഉയർന്നതിലും ഉയർന്നത് ബാബയാണ്, നമ്മൾ ആത്മാക്കൾ ആ ബാബയുടെ കുട്ടികളാണ്. നമ്മൾ സംഖ്യാക്രമത്തിൽ വേഷമഭിനയിക്കുന്നതിനായി വരുന്നു. ബാബ പറയുന്നു – ഈ ഏതൊരു ജ്ഞാനമാണോ നിങ്ങളെ കേൾപ്പിക്കുന്നത് – ഇത് നഷ്ടപ്പെടുന്നു. ആ ഗീതകൾ ധാരാളമുണ്ട്. വീണ്ടും പഴയ ഗീതകൾ വരും. നിങ്ങളുടെ കടലാസ് ഒരിക്കലും കണ്ടെടുക്കില്ല. ഗീത ധാരാളം ഭാഷകളിലുണ്ട്. ഉയർന്നതിലും ഉയർന്നത് ഗീതയാണ് എന്നാൽ എല്ലാം മനുഷ്യരുണ്ടാക്കിയതാണ്, യഥാർത്ഥത്തിലുള്ളത് ഇല്ല അതുകൊണ്ട് എല്ലാവരും അന്ധകാരത്തിലാണ്, അപ്പോഴാണ് പാടുന്നത് ജ്ഞാന സൂര്യൻ ഉദിച്ചു.... ഈ സൂര്യന്റെ മഹിമയല്ല. ജ്ഞാന സൂര്യന്റെ മഹിമയാണ്. ഈ സൂര്യൻ പ്രകാശവും താപവും നൽകുന്നു, സാഗരം ജലം നൽകുന്നു, ബാബയുടെ പേര് ഇവയ്ക്കും, ഇവയുടെ പേര് ബാബയ്ക്കും നൽകിയിരിക്കുന്നു. ജ്ഞാന സാഗരത്തെ തന്നെയാണ് ജ്ഞാന സൂര്യനെന്നും പറയുന്നത്. നമ്മുടെ അന്ധകാരമിപ്പോൾ അകന്നിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തെ നിങ്ങൾ മാത്രമാണ് അറിയുന്നത്. രചയിതാവിന്റെ *പാർട്ടിനെ* അറിയുമെങ്കിൽ മറ്റുള്ളവരുടെ പാർട്ടിനെയും തീർച്ചയായും അറിഞ്ഞിരിക്കും. നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ ബാബ വളരെ സ്നേഹിയാണെന്ന് നിങ്ങൾക്കറിയാം. നമുക്ക് ജീവദാനം നൽകുന്നു. ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നു. കാലന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുന്നു. ആരെങ്കിലും മരണത്തിൽ നിന്ന് രക്ഷപ്പെടുകയാണെങ്കിൽ *ഡോക്ടർ* ജീവദാനം നൽകിയെന്ന് പറയുന്നു. നിങ്ങൾക്ക് ഒരേഒരു പ്രാവശ്യം ഇങ്ങനെയുള്ള ജീവദാനം ലഭിക്കുന്നു– അതിലൂടെ നിങ്ങളൊരിക്കലും രോഗിയാകില്ല, പിന്നീടൊരിക്കലും ഇന്നയാൾ ജീവദാനം നൽകി എന്ന് പറയേണ്ടി വരില്ല. ഇത് തീർത്തും പുതിയ കാര്യമാണ്.

ഇപ്പോൾ നിങ്ങൾ ജീവിച്ചിരിക്കെ ബാബയുടേതായിരിക്കുന്നു. ചിലരെ പിന്നീട് മായ തന്നിലേക്ക് ആകർഷിക്കുന്നുമുണ്ട്. അവരെയാണ് രാവണനാകുന്ന കാലൻ വിഴുങ്ങിയെന്ന് പറയുന്നത്. ഈശ്വരന്റെ മടിത്തട്ടിലേക്ക് വന്ന് പിന്നീട് മാറി ആസുരീയ മടിത്തട്ടിലേക്ക് പോകുന്നു. കാലൻ വിഴുങ്ങിയിട്ടില്ല എന്നാൽ ജീവിച്ചിരിക്കേ ഈശ്വരന്റേതായി, പിന്നീട് ജീവിച്ചിരിക്കെ രാവണന്റേതുമായി മാറുന്നു. ഇവിടെ ധർമ്മാത്മാവായി പിന്നീട് അവിടെ പോയി അധർമ്മിയായി മാറുന്നു. ഇവിടെ സംഗമത്തിൽ ധർമ്മത്തിന്റെ രാജ്യമാണ്, അവിടെ അധർമ്മത്തിന്റെ രാജ്യമാണ്. സത്യയുഗത്തിൽ ഒരേഒരു ധർമ്മമാണുള്ളത്, കലിയുഗത്തിലുള്ളത് അധർമ്മത്തിന്റെ രാജ്യമാണ്, കൗരവ രാജ്യമാണ്. പാണ്ഡവരോടൊപ്പം കൃഷ്ണനുണ്ടായിരുന്നു എന്ന് പറയാറുണ്ട്. നിങ്ങളോടൊപ്പമുള്ളത് ശിവബാബയാണ്. ചൂതുകളിയുടെ കാര്യമില്ല. രാജധാനി പാണ്ഡവരുടേതുമല്ല, കൗരവരുടേതുമല്ല. ബാബ വന്ന് ധർമ്മ രാജ്യം സ്ഥാപിക്കുന്നു. എല്ലാവരും രാമരാജ്യം വേണമെന്ന് ആഗ്രഹിക്കുന്നുമുണ്ട്. നമ്മൾ സ്വർഗ്ഗവാസിയാകണം, അർത്ഥം ഇത് നരകമാണ്. എന്നാൽ ആരോടെങ്കിലും നേരിട്ട് നരകവാസിയാണെന്ന് പറയുകയാണെങ്കിൽ പ്രശ്നമാകുന്നു. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. പരിധിയില്ലാത്ത പിതാവ് നിരാകാരനാണ്. പരിധിയില്ലാത്ത പിതാവിനെ തന്നെയാണ് ഭഗവാനെന്ന് പറയുന്നത്. പരിധിയുള്ള പിതാവിനെ ഭഗവാനെന്ന് പറയില്ല. കൃഷ്ണനെ ഒരിക്കലും ജ്ഞാന സാഗരനെന്നോ പതിത-പാവനനെന്നോ പറയില്ല. കൃഷ്ണന്റെ മഹിമ കേവലം നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമാണറിയുന്നത്. നിങ്ങളെ ബാബ വന്ന് തനിക്ക് സമാനമാക്കുന്നു. സമ്പത്ത് ലഭിക്കുകയാണെന്ന് നിങ്ങൾക്കുമറിയാം, ബാബയ്ക്കുമറിയാം. ഏതുപോലെയാണോ ലൗകിക പിതാവിൽ നിന്ന് കുട്ടികൾക്ക് സമ്പത്ത് ലഭിക്കുന്നത്. അവർ വേറെ-വേറെയാണ്. ഇവിടെ നിങ്ങൾക്കറിയാം നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്ന് സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് സമ്പത്തെടുക്കാൻ വന്നതാണെന്ന് പറയുന്ന മറ്റൊരു *സ്കൂളോ* സത്സംഗമോ ഉണ്ടായിരിക്കില്ല. ഇവിടെ ബാബ രാജയോഗം പഠിപ്പിക്കുന്നു. പറയുന്നു നിങ്ങൾ നരനിൽ നിന്ന് നാരായണനാകും. അത് തീർച്ചയായും സംഗമയുഗം അർത്ഥം കലിയുഗ അന്ത്യത്തിന്റെയും സത്യയുഗ ആദിയുടെയും സംഗമമായിരിക്കും അപ്പോഴാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്ത് നരനിൽ നിന്ന് നാരായണനാകുന്നത്. ഈ രാജയോഗം നമ്മൾ ബാബയിൽ നിന്ന് പഠിച്ചുകൊണ്ടിരിക്കുന്നു- നരനിൽ നിന്ന് നാരായണൻ, നാരിയിൽ നിന്ന് ലക്ഷ്മിയാകുന്നതിന് വേണ്ടി. നര-നാരായണന്റെ ക്ഷേത്രവും ഉണ്ടാക്കാറുണ്ട്. നാരായണന് 4 കൈകളും നൽകാറുണ്ട് എന്തുകൊണ്ടെന്നാൽ ഒരുമിച്ചാണുള്ളത്. നാരി ലക്ഷ്മിയുടെ ക്ഷേത്രം ഉണ്ടാക്കാറില്ല. നാരീ ലക്ഷ്മിയെ ദീപാവലിക്കാണ് ആഹ്വാനം ചെയ്യാറുള്ളത്. മഹാലക്ഷ്മിയെന്നാണ് പറയുന്നത്. നിങ്ങൾക്ക് ലക്ഷ്മിയുടെ മൂർത്തിയെ 4 കൈകളില്ലാതെ കാണാൻ സാധിക്കില്ല. ആരെയാണോ പൂജിക്കുന്നത്, ഈ *യുഗൾ* വിഷ്ണുവിന്റെ രൂപമാണ്, അതുകൊണ്ടാണ് 4 കൈകൾ നൽകിയിട്ടുള്ളത്. ഈ എല്ലാ കാര്യങ്ങളും ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. മനുഷ്യർ ഒന്നും തന്നെ അറിയുന്നില്ല. ഭഗവാനെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ഉന്തും-തള്ളും ഏറ്റുകൊണ്ടിരിക്കുന്നു. ഭഗവാൻ സദാ മുകളിലാണ് പിന്നീട് അന്വേഷിക്കേണ്ട എന്താവശ്യമാണുള്ളത്. ക്ഷേത്രത്തിലുള്ള കൃഷ്ണന്റെ വിഗ്രഹം എന്തുകൊണ്ടാണ് വീട്ടിൽ വെച്ച് പൂജിക്കാത്തത്? വിശേഷിച്ചും ക്ഷേത്രത്തിലേക്ക് തന്നെ എന്തുകൊണ്ടാണ് പോകുന്നത്? ക്ഷേത്രത്തിൽ പോകും, പൈസ വെയ്ക്കും, ദാനം ചെയ്യും. വീട്ടിൽ ആർക്കാണ് ദാനം നൽകുക? അപ്പോൾ ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ ആചാരങ്ങളാണ്. ബാബ പറയുന്നു നിങ്ങൾക്ക് യാതൊരു ചിത്രവും വെയ്ക്കേണ്ട ആവശ്യമില്ല. ചിത്രം വെയ്ക്കുന്നതിനായി എന്താ നിങ്ങൾക്ക് ശിവബാബയെ അറിയില്ലേ? എന്താ ചിത്രം വെയ്ക്കുന്നതിലൂടെ ഓർമ്മിക്കാൻ സാധിക്കുമോ? അച്ഛൻ ജീവിച്ചിരിപ്പുണ്ട് പിന്നീട് മക്കളെന്തിന് ചിത്രം വെയ്ക്കണം? ബാബ നിങ്ങൾക്ക് ജ്ഞാനം നൽകിക്കൊണ്ടിരിക്കുന്നു, ചിത്രം എന്ത് ചെയ്യുവാൻ? വൃദ്ധരുണ്ട് ഓർമ്മ മറന്നുപോകുന്നു അതുകൊണ്ടാണ് ചിത്രം നൽകുന്നത്. ബാക്കി മറ്റേതെങ്കിലും ദേഹധാരിയെയാണ് ഓർമ്മിച്ചു കൊണ്ടിരിക്കുന്നതെങ്കിൽ അന്തിമത്തിൽ അവരെ തന്നെ ഓർമ്മ വരും. എന്തെങ്കിലും മമത്വമുണ്ടെങ്കിൽ അവർ നിങ്ങളുടെ പിറകെ കൂടും. പിന്നീട് എത്ര ചിത്രങ്ങൾ തന്നെ വെച്ചാലും ശരി. അഥവാ മമത്വവും ചായ്വുമുണ്ടെങ്കിൽ അത് തീർച്ചയായും ഓർമ്മ വരും അതുകൊണ്ടാണ് ബാബ പറയുന്നത് കുട്ടികളേ പൂർണ്ണമായും നഷ്ടോമോഹയാകൂ. ഏതെങ്കിലും വസ്തുവിൽ മോഹമുണ്ടെങ്കിൽ, 2-4 ജോഡി ചെരുപ്പുണ്ടെങ്കിൽ അത് തീർച്ചയായും ഓർമ്മ വരും അതുകൊണ്ടാണ് പറയുന്നത് കൂടുതൽ ഒരു വസ്തുവും വെയ്ക്കരുത്. അല്ലെങ്കിൽ ബുദ്ധി അതിലേക്ക് പോകും. ബാബയെ അല്ലാതെ മറ്റൊന്നിനെയും ഓർമ്മിക്കരുത്. ലോഭം ഉണ്ടാകാറില്ലേ - എനിക്ക് നല്ല-നല്ല വസ്ത്രങ്ങൾ കൈവശം വെയ്ക്കണം, 2-4 ജോഡി ചെരുപ്പ് വെയ്ക്കണം, വാച്ച് വെയ്ക്കണം. കുറച്ച് പൈസ വെയ്ക്കണം. വെയ്ക്കുകയാണെങ്കിൽ അത് ഓർമ്മവരും. ബാബയ്ക്കറിയണം - നിങ്ങളുടെ പക്കൽ എന്താണുള്ളത്. വാസ്തവത്തിൽ നിങ്ങൾക്ക് ഒന്നും തന്നെ വെയ്ക്കേണ്ടതില്ല, എന്ത് ലഭിച്ചോ അത് വെയ്ക്കണം. ഒരു ബാബയല്ലാതെ മറ്റൊന്നും ഓർമ്മ

ഉണ്ടായിരിക്കരുത്. ഇത്രയും അഭ്യസിക്കണം – അപ്പോൾ മാത്രമാണ് വിശ്വത്തിന്റെ അധികാരിയാകുക. രാധയും–കൃഷ്ണനും വിശ്വത്തിന്റെ അധികാരികളായിരുന്നുവെന്ന് ആരും മനസ്സിലാക്കുന്നില്ല, കേവലം ഭാരതത്തിൽ രാജ്യം ഭരിച്ച് പോയവരാണ് എന്നാണ് പറയുന്നത്. യമുനാതീരത്ത് അവരുടെ കൊട്ടാരമുണ്ടായിരുന്നു. എന്നാൽ അവർ മുഴുവൻ വിശ്വത്തിന്റെയും അധികാരികളായിരുന്നു. ഇത് കേവലം നിങ്ങളുടെ ബുദ്ധിയിലാണുള്ളത്. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത അധികാരിയാക്കാൻ വന്നിരിക്കുന്നു. പ്രജയിലും രാജാവിലും വളരെ വ്യത്യാസമുണ്ട്. നിങ്ങളിവിടെ നരനിൽ നിന്ന് നാരായണനാകുന്നതിനാണ് വന്നിരിക്കുന്നത് അതുകൊണ്ട് പൂർണ്ണമായും പിൻതുടരൂ. ദരിദ്രനിൽ നിന്ന് സമ്പന്നനാകണം. ഇത്രയും പുരുഷാർത്ഥം ചെയ്യണം. സന്തോഷത്തോടെ പഠിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1) ജ്ഞാന–യോഗത്തിലൂടെ എല്ലാവരെയും സഹായിക്കണം. *ഡബിൾ* അഹിംസകരാകണം. ആർക്കും ദുഃഖം നൽകരുത്.

2) നഷ്ടോമോഹയാകണം. ഒരു വസ്തുവിലും ബുദ്ധിയുടെ മമത്വം വെയ്ക്കരുത്. ഒരു ബാബയുടെ ഓർമ്മ സദാ ഉണ്ടായിരിക്കണം – ഇതിന്റെ അഭ്യാസം ചെയ്യണം.

## വരദാനം – ബ്രാഹ്മണജീവിതത്തിൽ ഓർമയുടെയും സേവനത്തിന്റെയും ആധാരത്തിലൂടെ ശക്തിശാലിയാകുന്ന മായാജീത്തായി ഭവിക്കട്ടെ

ബ്രാഹ്മണജീവിതത്തിന്റെ ആധാരമാണ് ഓർമയും സേവനവും. അഥവാ ഓർമയുടെയും സേവനത്തിന്റെയും ആധാരം ദുർബലമാണെങ്കിൽ ബ്രാഹ്മണജീവിതം ഇടയ്ക്ക് തീവ്രമായി പോകും ഇടയ്ക്ക് മന്ദമായി പോകും. എന്തെങ്കിലും സഹയോഗം കിട്ടിയാൽ, എന്തെങ്കിലും കൂട്ട് കിട്ടിയാൽ, എന്തെങ്കിലും സാഹചര്യം കിട്ടിയാൽ അപ്പോൾ പോകും ഇല്ലെങ്കിൽ മന്ദമാകുന്നു. അതിനാൽ ഓർമയിലും സേവനത്തിലും സേവനത്തിലും രണ്ടിലും തീവ്രഗതി വേണം. ഓർമയും നിസ്വാർഥസേവനവുമുണ്ടെങ്കിൽ മായാജീത് ആകുക വളരെ എളുപ്പമാണ്, പിന്നെ ഓരോ കർമത്തിലും വിജയം കാണപ്പെടും.

## സ്ലോഗൻ – വിഘ്നവിനാശകരാകുന്നത് അവരാണ് ആരാണോ സർവശക്തികളാലും സമ്പന്നമാകുന്നത്